## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 604 — 30.06.2016-ൽ മറുപടിക്ക്

### മണിമല മേജർ കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ഡോ.എൻ. ജയരാജ് : | മാത്യു.ടി.തോമസ് (ജലവിഭവ വകുപ്പ് മന്ത്രി) |
| എ. കാഞ്ഞിരപ്പള്ളി നിയോജക മണ്ഡലത്തിലെ അഞ്ച് പഞ്ചായത്തുകൾക്കായി വിഭാവനം ചെയ്ത മണിമല മേജർ കുടിവെള്ള പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | എ. കാഞ്ഞിരപ്പള്ളി നിയോജക മണ്ഡലത്തിലെ മണിമല ശുദ്ധജല വിതരണ പദ്ധതിയുടെ ഉറവിടത്തിൽ നിന്നും ശുദ്ധീകരണശാല യിലേയ്ക്കുള്ള പമ്പിംഗ് ആരംഭിച്ച് ജലശുദ്ധീകരണശാലയിലെ ജലസംഭരണി കളിൽ നിന്നും രണ്ടു സോണുകളിലേയ്ക്കുള്ള ശുദ്ധജല വിതരണം ഭാഗികമായി ആരംഭിച്ചു. പദ്ധതിയുടെ മറ്റു സോണുകളിൽ ഉള്ള സംഭരണികളിലേയ്ക്ക് ജലം പമ്പു ചെയ്യുന്നതിനാവശ്യമായ പമ്പു സെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള പുതുക്കിയ എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു. |
| ബി. പ്രസ്തുത പദ്ധതിയുടെ വിതരണ ശൃംഖലയ്ക്കുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ; | ബി& സി. വിതരണ ശൃംഖലയുടെ ടെണ്ടറുകൾ ലഭ്യമായത് കേരള വാട്ടർ അതോറിറ്റി പരിശോധിച്ചു വരുന്നു. |
| സി. എങ്കിൽ നിർമ്മാണം എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ; | |

| | | | |
|---|---|---|---|
| ഡി. | പ്രസ്തുത പദ്ധതി എത്ര കാലത്തിനുള്ളിൽ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | ഡി. | പൂർണ്ണ തോതിൽ പദ്ധതി പൂർത്തിയാക്കുന്നതിന് ഭരണാനുമതിയ്ക്കായി പുതുക്കിയ എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നതേയുള്ളൂ. |
| ഇ. | കാഞ്ഞിരപ്പള്ളി, ചിറക്കടവ് പഞ്ചായത്തുകളിലെ കരിമ്പുകയം കുടിവെള്ള പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | ഇ. | പദ്ധതിയുടെ ശുദ്ധീകരണ ശാല പ്രവർത്തിപ്പിച്ച് ജലം ഗ്രാമ ദീപം ബൂസ്റ്റിംഗ് സ്റ്റേഷനിൽ എത്തിച്ച് നിലവിലുള്ള ജലസംഭരണികൾ, പൈപ്പ് ലൈനുകൾ, പമ്പു സെറ്റുകൾ ഇവ ഉപയോഗിച്ച് ജലവിതരണം നടത്തിവരുന്നു. നിർമ്മാണം പൂർത്തിയായ ജലസംഭരണികളിലേയ്ക്ക് ജലം എത്തിക്കുന്നതിനുള്ള പമ്പുസെറ്റും ട്രാൻസ്ഫോർമറും സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റുകൾ കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു. |
| എഫ്. | ഈ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിയ്ക്കുമോ? | എഫ്. | സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

(signature)

സെക്ഷൻ ഓഫീസർ